# സാൽവേഷൻ ആർമി
## ഹയർ സെക്കന്ററി സ്കൂൾ
## കവടിയാർ



# ഇതൾ
## 2023-2024
ഡിജിറ്റൽ മാഗസിൻ

LITTE KITE 2021-2024

ഇതൾ

# Editorial Board


Chief Editor : Meenakshi N R

staff Editors : Mr. Jayaraj V T
Mrs. Nithya R

Sub Editors : Aromal A P
Anna M R
Akshaya Praveen
Deepak


Special Thanks

Mrs. Meera M S (Principal)
Mr. D R Paul (H.M),
Teachers, Non Teaching Staff,
PTA, SMC.

## സമർപ്പണം

വേരറ്റ മരങ്ങൾക്കും
നീരറ്റ പുഴകൾക്കും
പിന്നെ ബാല്യത്തിൽ കൊഴിഞ്ഞ
പൂവുകൾക്കും

മനോഹരമായ പൂക്കൾ

ഇതളുകളുടെ കൂട്ടമാണ്.

ഒരുമിച്ചു നിന്നാൽ സൗന്ദര്യം പകരാം

ഒരുമിച്ചു നിന്നാൽ സൗരഭ്യം പരത്താം

സ്നേഹപൂർവ്വം

എഡിറ്റർ



ശാസ്ത്ര സാങ്കേതികവിദ്യ പോലെതന്നെ വിവര സാങ്കേതികവിദ്യയും അനുദിനം വളർന്നുകൊണ്ടിരിക്കുകയാണ്. എല്ലാ മേഖലകളിലും ഇൻഫർമേഷൻ ടെക്നോളജി എത്തപ്പെട്ടുകഴിഞ്ഞിരിക്കുന്നു. അതിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ ആരംഭിച്ച ഐ. ടി പഠന ശാഖയാണ് ലിറ്റിൽ കൈറ്റ് . ഇതിലൂടെ നിരവധി വിദ്യാർത്ഥികളാണ് ഐ ടി മേഖലയിൽ വളർന്നു വന്നിട്ടുള്ളത്. ഇതിനോടൊപ്പം ഐ ടി @ സ്കൂൾ തയാറാക്കിയ സ്കൂൾ വിക്കി എന്ന വിദ്യാലയ വിജ്ഞാനകോശത്തിലൂടെ സ്കൂളിന്റെ സമഗ്രമായ വിവരങ്ങൾ അറിയുവാൻ സാധിക്കുന്നു. സാൽവേഷൻ ആർമി ഹയർ സെക്കന്ററി സ്കൂളിന്റെ ആരംഭം മുതൽ ഇന്നുവരെയുള്ള ചരിത്രം, പ്രശസ്തരായ വ്യക്തികൾ, കുട്ടികളുടെ വിവരങ്ങൾ, വാർത്തകൾ, സ്കൂൾ മാഗസിനുകൾ തുടങ്ങി ധാരാളം കാര്യങ്ങൾ ഇതിലൂടെ അറിയാൻ സാധിക്കുന്നു. സ്കൂൾ വിക്കിയിൽ ചേർക്കുന്നതിനായി ലിറ്റിൽ കൈറ്റ് ഇതൾ എന്ന പേരിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിന് ഹെഡ്മാസ്റ്റർ എന്ന നിലയിൽ എന്റെ സർവ്വവിധ ആശംസകളും നേരുന്നു. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച അധ്യാപകർക്കും വിദ്യാർത്ഥികൾക്കും അഭിനന്ദനം അറിയിക്കുന്നു.

സ്നേഹപൂർവ്വം<br>
ഡി ആർ പോൾ<br>
ഹെഡ്മാസ്റ്റർ.

www.De

# താളുകളിൽ

1. മഴ ..........................................................................07

2. Social Media..................................................08

3. കഥകളി ............................................................10

4. കുഞ്ചൻ നമ്പ്യാരും ഉണ്ണായി വാര്യരും......13

5. रात की खूबसूरती.............................................14

6. നടൻ പാട്ടുകൾ ..............................................15

7. കേരളത്തിന്റെ വേഴാമ്പൽ .......................16



# മഴ

മഴയുടെ അഴകിനെ  പാടുന്ന
നിറമായ വാർണ്ണരാജികൾ
മനസ്സിൽ ഒന്നടങ്ങി
സ്വപ്നങ്ങളിൽ പൂത്തുനിന്നു.

കാറ്റുകയറിയ മരത്തിൽ നിന്നും
വിടരാത്ത മഴയുടെ ചിരി പോലെ
കാലുകളിൽ നിന്നും
വിടരാത്ത സാന്നിദ്ധ്യം പറയുന്നു.

മഴക്കാലത്തെ ഗാനം പാടുന്ന
മഴയുടെ മിഴിതം
ഹൃദയം തിരിച്ചു നടന്നു
സന്തോഷത്തിൽ കുഴിയുന്നു.

പകലിന്റെ വെളിച്ചത്തിൽ
മഴയുടെ നഗരം നിറയുന്നു
കൂടെ പോകുന്ന ആകാശത്തെ
മഴയുടെ ഗാനം ചൊല്ലുന്നു.

കാനനത്തിലെ പൂക്കളെ
മഴയുടെ കാനനമാക്കുന്നു
മഴയെ കാണാൻ കാത്തിരിക്കുന്ന
മനസ്സ് സന്തോഷം തേടുന്നു.

മഴയുടെ നഗരം
രണ്ടു പ്രതി കാഴ്ചകളിൽ അവസാനിക്കുന്നു
പുതുതായ ജീവൻ പ്രാരംഭിക്കുന്ന
മഴയുടെ സാന്നിദ്ധ്യം.

അക്ഷയ പ്രവീൺ
10. ബി




# Social Media

Social media has become an integral part of our daily lives, transforming the way we connect, communicate, and share information. With billions of users worldwide, platforms like Facebook, Instagram, Twitter, and LinkedIn have woven a digital tapestry that spans across cultures, ages, and interests. This article explores the multifaceted impact of social media on society, delving into its positive aspects, challenges, and the evolving role it plays in shaping our online and offline experiences.



***The Power of Connection:***

At its core, social media serves as a powerful tool for connecting people across the globe. It breaks down geographical barriers, allowing friends, family, and even strangers to share their lives, experiences, and perspectives in real-time. This interconnectedness has facilitated the formation of online communities centered around common interests, hobbies, and causes, fostering a sense of belonging and shared identity.

***Communication in the Digital Age:***

Social media has revolutionized the way we communicate, providing instant access to information and enabling real-time conversations. From text-based updates to multimedia-rich content, individuals can express themselves in diverse ways. This has democratized information dissemination, giving a voice to marginalized groups and allowing users to engage with a wide range of perspectives. However, the speed and brevity of communication on social media also pose challenges, with misinformation, cyberbullying, and the spread of hate speech being persistent issues.

***The Rise of Influencers and Digital Marketing***:

In the realm of social media, individuals have transformed into influencers, leveraging their online presence to shape opinions and trends. Influencers, with their vast follower base, have become key players in the marketing landscape, collaborating with brands to promote products and services. This shift has led to the rise of a new form of advertising, where authenticity and relatability often take precedence over traditional marketing strategies.

***Challenges and Concerns:***

While social media offers numerous benefits, it is not without its challenges. The addictive nature of these platforms,

coupled with the constant stream of information, has raised concerns about mental health issues, including anxiety and depression. Additionally, the spread of misinformation, privacy breaches, and the amplification of divisive narratives underscore the darker side of social media.

***Navigating the Future:***

As social media continues to evolve, stakeholders, including platform developers, users, and policymakers, face the challenge of creating a digital landscape that prioritizes ethical practices, user well-being, and a sense of community. Striking a balance between freedom of expression and responsible content moderation is crucial for the sustained growth and positive impact of social media.




***Conclusion:***

Social media has undeniably transformed the way we connect and communicate, shaping our societal landscape in unprecedented ways. While it brings people together, facilitates communication, and empowers individuals, the challenges it presents cannot be ignored. Navigating the future of social media requires a collective effort to foster a digital environment that is inclusive, responsible, and conducive to positive social interactions. As we move forward, finding this balance will be essential for harnessing the full potential of social media while mitigating its drawbacks.

***Muhammed Rafi H***
***10.A***




# കഥകളി

സുബീന എസ്
10. എ

കേരളത്തിന്റെ തനതായ ദൃശ്യകലാരൂപമാണ് കഥകളി. രാമനാട്ടമെന്ന കലാരൂപം പരിഷ്കരിച്ചാണ്, കഥകളിയുണ്ടായത്.കഥകളിയിലെ കഥാപാത്രങ്ങൾ, പ്രധാനമായും പച്ച, കത്തി, കരി, താടി, മിനുക്ക് എന്നിങ്ങനെയുള്ള വേഷങ്ങളായാണ് അവതരിപ്പിക്കപ്പെടുന്നത്. ശാസ്ത്രക്കളി, ചാക്യാർകൂത്ത്, കൂടിയാട്ടം, കൃഷ്ണനാട്ടം, അഷ്ടപദിയാട്ടം, ദാസിയാട്ടം, തെരുക്കൂത്ത്, തെയ്യം, തിറയാട്ടം, പടയണിതുടങ്ങിയ ക്ലാസ്സിക്കൽ - നാടൻകലാരൂപങ്ങളുടെ അംശങ്ങൾ കഥകളിയിൽ ദൃശ്യമാണ്. 17, 18 നൂറ്റാണ്ടുകളിലായി വികസിതമായ ഈ കലാരൂപം വരേണ്യവിഭാഗങ്ങൾക്കിടയിൽമാത്രം ഒതുങ്ങിനിന്നിരുന്നുവെങ്കിലും ഇരുപതാം നൂറ്റാണ്ടിൽ മഹാകവി വള്ളത്തോളടക്കമുള്ള ഉത്പതിഷ്ണുക്കളുടെ ശ്രമഫലമായി, ഇന്നു ലോകപ്രസിദ്ധി കൈവരിച്ചിരിക്കുന്നു



കഥകളിക്കുവേണ്ടി രചിക്കപ്പെട്ട കാവ്യമായ ആട്ടക്കഥയിലെ സംഭാഷണഭാഗങ്ങളായ പദങ്ങൾ, പാട്ടുകാർ പിന്നണിയിൽനിന്നു പാടുകയും നടന്മാർ അഭിനയത്തിലൂടെ കാവ്യത്തിലെ പ്രതിപാദ്യം അരങ്ങത്തവതരിപ്പിക്കുകയും ചെയ്യുന്നു. അഭിനയത്തിനിടയിൽ നടന്മാർ ഭാവാവിഷ്കരണപരവും താളാത്മകവുമായ രംഗചലനങ്ങളും അംഗചലനങ്ങളും പ്രദർശിപ്പിക്കുന്നു. പദങ്ങളുടെ ഓരോഭാഗവും അഭിനയിച്ചുകഴിയുമ്പോൾ ശുദ്ധനൃത്തചലനങ്ങളടങ്ങുന്ന കലാശങ്ങൾ ചവിട്ടുന്നു. ഇങ്ങനെ അഭിനയത്തിലും അതടങ്ങുന്ന രംഗങ്ങളുടെ പരമ്പരയിലുംകൂടെ ഇതിവൃത്തം അരങ്ങത്തവതരിപ്പിച്ച്, രസാനുഭൂതിയുളവാക്കുന്ന കലയാണു കഥകളി.

നൃത്തം, നാട്യം, നൃത്യം, ഗീതം, വാദ്യം എന്നിങ്ങനെ അഞ്ചു ഘടകങ്ങളുടെ സമഞ്ജസസമ്മേളനമാണു കഥകളി. ഇതുകൂടാതെ, സാഹിത്യമൊരു പ്രധാനവിഭാഗമാണെങ്കിലും ഇതു ഗീതത്തിന്റെ ഉപവിഭാഗമായിക്കരുതപ്പെടുന്നു.

കളിതുടങ്ങുന്നതിനുമുമ്പ്, മദ്ദളകേളി (അരങ്ങുകേളി/ ശുദ്ധമദ്ദളം), വന്ദനശ്ലോകം, തോടയം, മേളപ്പദം(മഞ്ജുതര)തുടങ്ങിയ പ്രാരംഭച്ചടങ്ങുകളുണ്ട്. പശ്ചാത്തലത്തിൽ ഭാഗവതർ ആലപിക്കുന്ന പദങ്ങൾ ഹസ്തമുദ്രകളിലൂടെയും, മുഖഭാവങ്ങളിലൂടെയും നടന്മാർ അരങ്ങത്തഭിനയിച്ചാണ്, കഥകളിയിൽ കഥപറയുന്നത്. കഥകളിയിലെ വേഷങ്ങളെ പ്രധാനമായും പച്ച, കത്തി, കരി, താടി, മിനുക്ക് എന്നിങ്ങനെ അഞ്ചായിത്തിരിച്ചിരിക്കുന്നു. പച്ച സൽക്കഥാപാത്രങ്ങളും (സാത്വികം) കത്തി രാജസകഥാപാത്രങ്ങളുമാണ്. (രാജാക്കന്മാരായ ദുഷ്ടകഥാപാത്രങ്ങൾ.) കരിവേഷം രാക്ഷസിമാർക്കാണ്. ചുവന്നതാടി താമസസ്വഭാവമുള്ള (വളരെ ക്രൂരന്മാരായ) രാക്ഷസർമുതലായവരും കറുത്തതാടി കാട്ടാളർമുതലായവരുമാണ്. കലിയുടെ വേഷം കറുത്തതാടിയാണ്. ഹനുമാനു വെള്ളത്താടിയാണു വേഷം. സ്ത്രീകളുടേയും മുനിമാരുടേയും വേഷം മിനുക്കാണ്. ഇത്തരത്തിൽ വേഷമണിയിക്കുന്നതിന് ചുട്ടികുത്ത് എന്നു കൊണ്ട്പ റയുന്നു.എപ്പോഴും എല്ലാവർക്കും കഥകളി ഇഷ്ടം ആണ്.

കളിതുടങ്ങുന്നതിനുമുമ്പ്, മദ്ദളകേളി (അരങ്ങുകേളി/ ശുദ്ധമദ്ദളം), വന്ദനശ്ലോകം, തോടയം, മേളപ്പദം(മഞ്ജുതര)തുടങ്ങിയ പ്രാരംഭച്ചടങ്ങുകളുണ്ട്. പശ്ചാത്തലത്തിൽ ഭാഗവതർ ആലപിക്കുന്ന പദങ്ങൾ ഹസ്തമുദ്രകളിലൂടെയും, മുഖഭാവങ്ങളിലൂടെയും നടന്മാർ അരങ്ങത്തഭിനയിച്ചാണ്, കഥകളിയിൽ കഥപറയുന്നത്. കഥകളിയിലെ വേഷങ്ങളെ പ്രധാനമായും പച്ച, കത്തി, കരി, താടി, മിനുക്ക് എന്നിങ്ങനെ അഞ്ചായിത്തിരിച്ചിരിക്കുന്നു. പച്ച സൽക്കഥാപാത്രങ്ങളും (സാത്വികം) കത്തി രാജസകഥാപാത്രങ്ങളുമാണ്. (രാജാക്കന്മാരായ ദുഷ്ടകഥാപാത്രങ്ങൾ.) കരിവേഷം രാക്ഷസിമാർക്കാണ്. ചുവന്നതാടി താമസസ്വഭാവമുള്ള (വളരെ ക്രൂരന്മാരായ)

രാക്ഷസർമുതലായവരും കറുത്തതാടി കാട്ടാളർമുതലായവരുമാണ്. കലിയുടെ വേഷം കറുത്തതാടിയാണ്. ഹനുമാനു വെള്ളത്താടിയാണു വേഷം. സ്ത്രീകളുടേയും മുനിമാരുടേയും വേഷം മിനുക്കാണ്. ഇത്തരത്തിൽ വേഷമണിയിക്കുന്നതിന് ചുട്ടികുത്ത് എന്നു കൊണ്ട്പ റയുന്നു.എപ്പോഴും എല്ലാവർക്കും കഥകളി ഇഷ്ട്ടം ആണ്.



## <u>ചടങ്ങുകൾ</u>

### കേളികൊട്ട്

കഥകളിയുണ്ടെന്നു നാട്ടുകാരെയറിയിക്കുന്ന മേളമാണു കേളി. സന്ധ്യയ്ക്കുമുമ്പാണു കേളികൊട്ട്. കഥകളിയുടെ അനുസാരിവാദ്യങ്ങളായ ചെണ്ട, മദ്ദളം, ചേങ്ങില, ഇലത്താളം ഇവ സമന്വയിപ്പിച്ചുകൊണ്ടുള്ള മേളപ്രയോഗമാണു കേളികൊട്ട്.

### അരങ്ങുകേളി

കളി തുടങ്ങിക്കഴിഞ്ഞുവെന്നറിയിക്കുന്ന ഗണപതികൊട്ടാണ് അരങ്ങുകേളി. ചെണ്ടയില്ലാതെ മദ്ദളവും ചേങ്ങിലയും ഇലത്താളവും ഇതിനുപയോഗിക്കുന്നു. ദേവവാദ്യമായ മദ്ദളം, ആദ്യമായി അരങ്ങത്തെത്തിക്കുന്നതുകൊണ്ട്, പ്രത്യേക ഐശ്വര്യംകൈവരുന്നതായി വിശ്വസിക്കപ്പെടുന്നു. ശുദ്ധമദ്ദളം, കേളിക്കൈ, ഗണപതിക്കൊട്ട് എന്നീപ്പേരുകളും ഈ ചടങ്ങിനുണ്ട്.

### തോടയം

ഇത്, ഇഷ്ടദേവതാപൂജയാണ്. കുട്ടിത്തരം വേഷക്കാർ തിരശ്ശീലയ്ക്കു പുറകിൽനിന്നുനടത്തുന്ന സ്തുതിപരമായ നൃത്തമാണു തോടയം. വളരെ ലഘുവായ അണിയറമാത്രമെ ഈ വേഷക്കാർക്കുണ്ടാവൂ. പ്രകൃതിയും പുരുഷനുമായുള്ള അഥവാ ശിവനും ശക്തിയുമായുള്ള കൂടിച്ചേരലിലൂടെ സൃഷ്ടിനടക്കുന്നുവെന്ന, പ്രതീകാത്മകമായുള്ള അവതരണംകൂടെയാണു തോടയം. എല്ലാ നടന്മാരും തോടയംകെട്ടിയതിനുശേഷമേ അവരവരുടെ വേഷംകെട്ടാവൂ എന്നാണു നിയമം. തോടയത്തിനു ചെണ്ടയുപയോഗിക്കുകയില്ല. കഥകളിയിലുപയോഗിക്കുന്ന ചെമ്പട, ചമ്പ, പഞ്ചാരി, അടന്ത എന്നീ നാലുതാളങ്ങളും അവയുടെ നാലുകാലങ്ങളും തോടയത്തിലുപയോഗിക്കും. നാടകത്തിലെ നാന്ദിയുടെ സ്ഥാനമാണു കഥകളിയിൽ തോടയത്തിനുള്ളത്. കോട്ടയത്തു തമ്പുരാനും കാർത്തിക തിരുനാളും രചിച്ച രണ്ടു തോടയങ്ങളാണ് സാധാരണ പാടാറുള്ളത്.

### വന്ദനശ്ലോകം

തോടയംകഴിഞ്ഞാൽ ഗായകൻ ഇഷ്ടദേവതാസ്തുതിപരമായ വന്ദനശ്ലോകങ്ങളാലപിക്കുന്നു. ഒരു ശ്ലോകമെങ്കിലും നിർബന്ധമാണ്. കോട്ടയത്തു തമ്പുരാൻ രചിച്ച, "മാതംഗാനന മബ്ജവാസരമണീം ഗോവിന്ദമാദ്യം ഗുരും..............." എന്നുതുടങ്ങുന്ന ശ്ലോകമാണ്, സാധാരണയായി ആദ്യം ചൊല്ലുന്നത്. തുടർന്നു മറ്റുചില ശ്ലോകങ്ങളും ചൊല്ലാറുണ്ട്.

### പുറപ്പാട്

ഒരു പുരുഷവേഷവും സ്ത്രീവേഷവും തിരശ്ശീലനീക്കി രംഗത്തുചെയ്യുന്ന പ്രാർത്ഥനാപരമായ ചടങ്ങാണു പുറപ്പാട്. സാധാരണ പുരുഷവേഷം കൃഷ്ണനായിരിക്കും. അഞ്ചുവേഷത്തോടുകൂടെ പകുതി പുറപ്പാട് എന്നരീതിയിലും ഈ ചടങ്ങു നടത്തുന്ന സമ്പ്രദായം ധാരാളമായി ഉത്തരകേരളത്തിൽ നിലവിലുണ്ട്. സാധാരണയായി തുടക്കകാരാണ്, (കുട്ടിത്തരക്കാർ) രംഗത്തു പുറപ്പാടവതരിപ്പിക്കാറുള്ളത്. കഥകളിയിലെ ഏറെക്കുറെ എല്ലാക്കലാശങ്ങളും അടവുകളും ഈ ചടങ്ങിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ പുറപ്പാടുചെയ്തുറപ്പിക്കുന്ന കലാകാരന്, മറ്റു വേഷങ്ങൾ രംഗത്തവതരിപ്പിക്കുന്നതിനുള്ള പരിശീലനമായും ഈ ചടങ്ങ് പ്രയോജനപ്പെടുന്നു. മനോഹരങ്ങളായ പലതരം ചുഴിപ്പുകളും നിലകളും പുറപ്പാടിലടങ്ങിയിട്ടുണ്ട്. പുറപ്പാടിലെ പദത്തിനുശേഷം ത്രിപുടതാളത്തിൽ കാർത്തിക തിരുനാളിന്റെ "ദേവദേവ ഹരേ കൃപാലയ....." എന്ന നിലപ്പദം പാടുന്നു (ഭാരതകഥകൾക്ക്). പുറപ്പാടുമുതൽ ചെണ്ടയുപയോഗിക്കുന്നു. മേൽക്കുട്ടി, ആലവട്ടം, ശംഖനാദം എന്നിവയോടുകൂടെയാണു പുറപ്പാടു നിർവ്വഹിക്കുന്നത്.

### മേളപ്പദം

പുറപ്പാടിനുശേഷം ജയദേവന്റെ ഗീതാഗോവിന്ദത്തിലെ 21-ാം അഷ്ടപദിയായ "മഞ്ജുതര കുഞ്ജതല കേളീസദനേ" എന്നതിന്റെ ആദ്യത്തെ എട്ടു ചരണങ്ങൾ വ്യത്യസ്തരാഗങ്ങളിൽ പാടുന്നതാണു മേളപ്പദം. സാധാരണയായി ആറു ചരണങ്ങളാണു പാടാറുള്ളത്. ചമ്പതാളത്തിൽ 40,20,10 എന്നീ അക്ഷരകാലങ്ങളിൽ രാഗമാലികയായി അഷ്ടപദി പാടുകയും മേളം നടത്തുകയും ചെയ്യുന്നത്. മഞ്ജുതരയെന്ന ചരണം മോഹനത്തിലും വിഹിതപദ്മാവതിയെന്ന ചരണം മദ്ധ്യമാവതിയിലുമാണ് പാടാറുള്ളത്.



# വേഷങ്ങൾ

കഥകളിയിൽ പ്രധാനമായി ആറുതരത്തിലുള്ള വേഷങ്ങളാണുള്ളത്. കഥാപാത്രങ്ങളുടെ ആന്തരീകസ്വഭാവത്തിനനുസരിച്ചാണ വിവിധവേഷങ്ങൾ നൽകുന്നത്. ഇവരുടെ ചമയത്തിലുള്ള നിറക്കൂട്ടുകളും വേഷവിധാനങ്ങളും ഈ വേഷങ്ങളനുസരിച്ച വ്യത്യസ്തമാണ്.

## പച്ച

സാത്വികസ്വഭാവമുള്ള കഥാപാത്രങ്ങൾക്ക് പച്ചവേഷം; ഇതിഹാസങ്ങളിലെ വീരനായകന്മാരെയെല്ലാം പച്ചവേഷത്തിലവതരിപ്പിക്കുന്നു. നന്മയുടെ ഭാവങ്ങളാണ പച്ചവേഷങ്ങൾ. വീരരായ രാജാക്കന്മാർ, രാമൻ, ലക്ഷ്മണൻ തുടങ്ങിയവർക്ക പച്ചവേഷങ്ങളാണ്. മുഖത്ത് കവിൾത്തടങ്ങളുടെയും താടിയുടെയും അഗ്രമൊപ്പിച്ച്, അരിമാവും ചുണ്ണാമ്പും ചേർത്തുകുഴച്ച ചുട്ടിയിട്ട്, കടലാസുകൾ അർധചന്ദ്രാകൃതിയിൽവെട്ടി മീതെവച്ചുപിടിപ്പിക്കുന്നു. നെറ്റിയുടെ മദ്ധ്യഭാഗത്തായി ഗോപി വരയ്ക്കുന്നതിനു "നാമം വയ്ക്കുക" എന്നുപറയുന്നു. ബലഭദ്രൻ, ശിവൻ തുടങ്ങിയവർക്ക നാമംവയ്ക്കുന്നതിനു വെള്ളമനയോലയുടെ സ്ഥാനത്ത്, കറുത്തമഷിയുപയോഗിക്കുന്നു.

## കത്തി

രാക്ഷസസ്വഭാവമുള്ള കഥാപാത്രങ്ങൾക്കാണ സാധാരണയായി കത്തിവേഷം നൽകുക.രാവണൻ,ദുര്യോധനൻ,കീചകൻ, ശിശുപാലൻ, നരകാസുരൻ തുടങ്ങിയവർക്ക കത്തിവേഷമാണ്. ഇതിൽ കണ്ണുകൾക്ക താഴെയായി നാസികയോട്ട ചേർത്തും പുരികങ്ങൾക്ക മുകളിലുമായി കത്തിയുടെ ആകൃതിയിൽ അല്പംവളച്ച് ചുവപ്പ ചായംതേച്ച് ചുട്ടിമാവുകൊണ്ട് അതിരുകൾ പിടിപ്പിക്കുന്നു. കത്തിവേഷത്തെ "കുറുംകത്തി"യെന്നും "നെടുംകത്തി"യെന്നും രണ്ടായി വിഭജിച്ചിരിക്കുന്നു. കവിൾതടങ്ങൾക്ക താഴെ, കത്തിയുടെ ആകൃതിയിൽ വരയ്ക്കുന്ന അടയാളത്തിന്റെ അഗ്രഭാഗം വളച്ചുവച്ചാൽ കുറുംകത്തിയും, വളയ്ക്കാതെ നീട്ടി, കൺപോളകളുടെ അഗ്രങ്ങൾവരെയെത്തിച്ച വരച്ചാൽ നെടുംകത്തിയുമാകുന്നു. ശൃംഗാരരസമഭിനയിക്കുന്നവരുടെ വേഷം കുറുംകത്തിതന്നെയായിരിക്കണം. ദുശ്ശാസനൻ, ഘടോൽഘചൻ തുടങ്ങിയവരുടെ വേഷം നെടുംകത്തിയായിരിക്കണം. 'പച്ച'വേഷത്തോട്ട സമാനമായ നിറക്കൂട്ടിൽ ചുവന്നവരകൾ കവിളുകളിൽ വരയ്ക്കുകയും മൂക്കിലും നെറ്റിയിലും വെള്ള ഉണ്ടകൾ വയ്ക്കുകയുംചെയ്യുന്നു. വസ്ത്രാഭരണങ്ങളെല്ലാം പച്ചവേഷംപോലെതന്നെയാണ്.

## താടി

പ്രധാനമായും മൂന്നു തരത്തിലുള്ള താടിവേഷങ്ങളാണുള്ളത്.

വെള്ളത്താടി:ഹനുമാൻ,ജാംബവാൻപോലെയുള്ള അതിമാനുഷരും സത്വഗുണമുള്ളവരുമായ കഥാപാത്രങ്ങൾക്ക്, വെള്ളത്താടിവേഷമാണ നൽകുക.

ചുവന്നതാടി:തമോഗുണരും രജോഗുണരുമായ കഥാപാത്രങ്ങൾക്കാണ ചുവന്നതാടി നൽകുക. ഉദാ:ബകൻ,ബാലി,സുഗ്രീവൻ,ദുശ്ശാസനൻ,ത്രിഗർത്തൻ

കറുത്തതാടി: ദുഷ്ടകഥാപാത്രങ്ങൾക്കാണ് കറുത്തതാടിവേഷം

## കരി

താമസസ്വഭാവികളായ വനചാരികൾക്കാണ കരിവേഷം നൽകുക. ഇവരിൽ ആൺകരിക്ക് കറുത്തതാടി കെട്ടിയിരിക്കും. ഉദാ: കാട്ടാളൻ പെൺകരിക്ക് നീണ്ടസ്തനങ്ങളും കാതിൽ തോടയുമുണ്ടായിരിക്കും. ഉദാ: നക്രതുണ്ഡി , ശൂർപ്പണഖ, ലങ്കാലക്ഷ്മി.

ദ്രൗപദി മിനുക്കുവേഷത്തിൽ

## മിനുക്ക്

കഥകളിയിലെ മിനുക്കുവേഷങ്ങൾ വേഗത്തിൽ ചെയ്യാവുന്നതാണ്. മനയോല, വെള്ളംചേർത്തരച്ച്, മുഖത്തു തേയ്ക്കുന്നതിന് 'മിനുക്ക് 'എന്നുപറയുന്നു. ഇതിൽ അല്പം ചായില്യംകൂടെച്ചേർത്താൽ ഇളംചുവപ്പുനിറം കിട്ടും. സ്ത്രീകഥാപാത്രങ്ങൾക്കും മുനിമാർക്കും മിനുക്കുവേഷമാണ നൽകുക. ഇവർക്ക്, തിളങ്ങുന്ന, മഞ്ഞനിറമുള്ള നിറക്കൂട്ടാണ നൽകുക. സ്ത്രീകൾക്ക കണ്ണെഴുത്ത്, ചുണ്ടുചുവപ്പിക്കൽ തുടങ്ങിയവ മനോധർമ്മംപോലെചെയ്ത് ഉടുത്തുകെട്ട്, കുപ്പായം തുടങ്ങിയവയണിയുന്നു. തലയിൽ കൊണ്ടകെട്ടി, പട്ടുവസ്ത്രംകൊണ്ടു മറയ്ക്കുന്നു.

## പഴുപ്പ്

ദേവകളായ ചില കഥാപാത്രങ്ങൾക്കമാത്രമാണ പഴുപ്പുവേഷം. ഉദാ: ആദിത്യൻ, ശിവൻ, ബലഭദ്രൻ.

# കുഞ്ചൻ നമ്പ്യാരും ഉണ്ണായി വാര്യരും

ഐതിഹ്യം

**ഓ**ട്ടൻ തുള്ളലിന്റെ പിതാവായ കുഞ്ചൻ നമ്പ്യാരും നളചരിതം ആട്ടക്കഥയുടെ പിതാവായ ഉണ്ണായി വാര്യരും തമ്മിലുള്ള കഥയാണിത്.

മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കൊട്ടാരത്തിലെ രാജസദസ്സിൽ ഇരുവരും താമസിക്കുന്ന കാലം. ഇരുവരും തമ്മിൽ തമ്മിൽ പരിചയപ്പെട്ടിട്ടില്ലായിരുന്നു. ഇനിയും സമയം കിടക്കുകയല്ലേ എന്നായിരുന്നു കുഞ്ചൻ നമ്പ്യാരുടെ വിചാരം എന്നാൽ ഉണ്ണായി വാര്യരുടെ ചിന്താഗതി മറിച്ചായിരുന്നു ""താൻ വലിയ സംസ്കൃത പണ്ഡിതനാണെന്നും കുഞ്ചന് വേണമെങ്കിൽ തന്നെ വന്ന് പരിചയപ്പെടാം അല്ലാതെ താൻ അവിടേക്ക് പരിചയപ്പെടാൻ ചെല്ലില്ല എന്നായിരുന്നു".

അങ്ങനെയിരിക്കെ ഒരു ദിവസം ഇരുവരും യാദൃശ്ചികമായി പത്മതീർത്ഥ കുളത്തിൽ ഒരേ സമയം കുളിക്കാൻ എത്തി. അപ്പോളാണ് അവർ ആ കാഴ്ച കണ്ടത് ഒരു യുവതിയും അവളുടെ തോഴിമാരും കുളിക്കാനായി വരുന്നു .യജമാനത്തിയെക്കാൾ സുന്ദരിയാണ് അവളുടെ ഒരു തോഴി അവളുടെ കയ്യിൽ ഒരു പാത്രം താളിയുമുണ്ട് .കുഞ്ചൻ നമ്പ്യാരെ പരീക്ഷിക്കാനായി വാര്യർ ഒരു ചോദ്യം ചോദിച്ചു "കാതിലോല" സാധാരണ കേൾക്കുന്നവർക്ക് ആദ്യം തോന്നുക യജമാനത്തിയുടെ കാതിൽ ഇട്ടിട്ടുള്ള ഓലക്കമ്മലിനെക്കുറിച്ചായിരിക്കം വാര്യർ ചോദിച്ചതെന്ന് എന്നാൽ അദ്ദേഹം പറഞ്ഞത് "കാ അതിലോല"(ആരാണ് സുന്ദരി?) എന്നാണ്. കുഞ്ചൻ പേട്ടന്നു തന്നെ ഉത്തരം പറഞ്ഞു നല്ല താളി (നല്ലത് ആളി – ആളി എന്നാൽ തോഴി എന്നർത്ഥം) കുഞ്ചൻ നമ്പ്യാരുടെ ഉത്തരം വാര്യർക്ക് ഇഷ്ടമായി. കുഞ്ചന്റെ സംസ്കൃത പാണ്ഡിത്യവും നർമ്മബോധവും വാര്യർക്ക് ഇഷ്ടമായി.

**അഹമ്മദ് ഹാഷിം**
10. എ





# रात की खूबसूरती

अंधकार की छाया में, रात आई है,
तारों की चमक से, सजा जहाँ है।

चाँदनी की किरणों में, रात लिपटी है,
सपनों की दुनिया में, खोई बातें हैं।

गहरी सियाही से, रात धूपी है,
सुनसान रास्तों पर, चाँदनी की मल्लिका है।

छुपे हुए राज़, तारों के संग हैं,
सपनों की झील में, खोया हर दिल है।

आँधियों की गोदी में, सपनों का संसार है,
रात की गहराईयों में, रहस्यों का पर्व है।

रात का चेहरा है, नैनों की झिली,
सपनों की बातों में, छुपा हर ख्वाब है।

चाँद की रौशनी में, रात आँधी है,
सपनों की दुनिया में, हर दिल की बात है।

गहरे सागर की तरह, रात बेहद गहरी है,
सितारों की मल्लिका में, हर रात नई बातें हैं।

रात की आँधी में, सपनों की लहरें हैं,
चाँदनी की चादर में, रात की कहानी है।

आसमान में रौंगतें हैं, तारों की बातें हैं,
रात की मिसाल में, हर दिल की बातें हैं।

अंधकार से लिपटी, रात की बहुत गहराई,
सपनों की ज़िन्दगी में, हर पल नई रात है।

DEEPAK
10.A

# നാടൻപാട്ടുകൾ

**കേ**രളത്തിന്റെ ഓരോ പ്രദേശത്തിന്റെയും കഥ പറയുന്ന വായ്മൊഴിയായുള്ള പാട്ടുകളാണ് നാടൻ പാട്ടുകൾ. പാട്ടുകാരുടെ താത്പര്യത്തിനനുസരിച്ചുള്ള ശീലുകളിൽ പാടുന്ന നാടൻ പാട്ടിന്റെ വരികൾ വരും തലമുറകളിലേക്കു കൈമാറിയത് വായ്മൊഴിയിലൂടെ മാത്രമായിരുന്നു. ആളുകളുടെ തൊഴിലിനെ ആസ്പദമാക്കിയാണ് നാടൻ പാട്ടുകൾ ഉത്ഭവിച്ചത്. ഓരോ തൊഴിലിനും യോജിച്ച ഈണത്തിൽ വളരെ സാധാരണമായ നാടൻ വാക്കുകൾ കൊണ്ടാണ് ഈ പാട്ടുകൾ ഉണ്ടാക്കിയിരിക്കുന്നത്. തങ്ങളുടെ ജോലിയുടെ ആയാസം കുറച്ച് അതു കൂടുതൽ രസകരമാക്കാൻ മാത്രമല്ല തങ്ങളുടെ തൊഴിൽ എങ്ങിനെ ചെയ്യണമെന്നും എന്തിനു ചെയ്യുന്നു എന്നും, അതിന്റെ ഫലവുമെല്ലാം പാട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ സ്ഥലത്തിനും, അതിനനുസരിച്ച ജോലിയും, ജോലിക്കു ചേർന്ന നാടൻ പാട്ടുകളും ഉള്ളതിനാൽ ഓരോ പ്രദേശത്തെയും നാടൻ പാട്ടുകളും വ്യത്യസ്തമായിരിക്കും. കൂടാതെ ദൈവത്തെ പ്രാർത്ഥിക്കുവാനും പ്രകൃതിയെ ആരാധിയ്ക്കുവാനും (മഴ, വെയിൽ, ഇടി, മിന്നൽ) ഒക്കെ തനതായ നാടൻ പാട്ടുകൾ ഉണ്ട്.

ഓരോ ജോലിയ്ക്കും ഓരോ പാട്ടാണെന്നു പറഞ്ഞല്ലോ. നിലമുഴുന്ന പുരുഷന്മാർ പാടുന്ന പാട്ടല്ല വിതയ്ക്കുന്ന സമയത്തു പാടുക. ഞാറുനടുമ്പോൾ പാടുന്നതല്ല വിളവെടുപ്പുകാലത്ത് പാടുക. ഓരോ പാട്ടും വ്യത്യസ്തകഥകൾ പറയുന്നവയാണ്. ഒന്നു ശ്രദ്ധിച്ചാൽ കാർഷികവൃത്തി എങ്ങിനെ വേണമെന്ന് ഈ പാട്ടുകളിലൂടെ മനസ്സിലാക്കാം.

അതു പോലെ മത്സ്യത്തൊഴിലാളികൾ, വഞ്ചിക്കാർ, ഇവർക്കെല്ലാം അവരുടേതായ പാട്ടുകളുണ്ട്. ഇന്നും നിലനിൽക്കുന്ന ചില നാടൻ പാട്ടുകളാണ് വിൽപ്പാട്ട്, മാപ്പിളപ്പാട്ട്, വടക്കൻപാട്ട് എന്നിവ. വാദ്യോപകരണങ്ങളുടെ സഹായമില്ലാതെ പാടുന്ന ഈ നാടൻ പാട്ടുകൾ ഏറെ ആസ്വാദ്യമാണെന്നതിൽ തർക്കമില്ല. ചിലപ്പോൾ ചില നാടൻ പാട്ടുകളിൽ ഒന്നോ രണ്ടോ നാടൻ ഉപകരണങ്ങൾ ഉപയോഗിക്കാറുമുണ്ട്.

കാലഘട്ടം,സമൂഹത്തിലെ സ്ഥാനഭേദങ്ങൾ, ദൈവാരാധനാക്രമങ്ങൾ, കാർഷികചര്യകൾ, പൊതുജനാരോഗ്യാവസ്ഥ, യുദ്ധങ്ങളും കലാപങ്ങളും, കുടുംബങ്ങളിലേയും കൂട്ടായ്മകളിലേയും ആഘോഷങ്ങൾ, ഉത്സവങ്ങൾ, ഐതിഹ്യങ്ങളിലേയും ചരിത്രങ്ങളിലേയും വീരകഥാപാത്രങ്ങൾ തുടങ്ങിയ ഘടകങ്ങളൊക്കെ ഭാഗഭാക്കും കാരണങ്ങളുമാവുന്ന വിധത്തിൽ വിശാലമായ ഒരു വൈവിദ്ധ്യം കേരളത്തിലെ നാടൻ പാട്ടുകളിൽ കാണാം. ചിലേതിന് ചരിത്രാതീതകാലത്തു നിലനിന്നിരുന്ന പ്രാഗ്സമൂഹങ്ങളുടെ പഴക്കം അവകാശപ്പെടാമെങ്കിൽ മറ്റു ചിലവ വർത്തമാനകേരളത്തിലെ ഏറ്റവും പുതിയ ശൈലികളിൽ ഉരുത്തിരിഞ്ഞവയാണ്. ഉറക്കുപാട്ടുകളും കൃഷിപ്പാട്ടുകളും മുതൽ ഓണപ്പാട്ടുകളും പടപ്പാട്ടുകളും വരെ മലയാളത്തിന്റെ നാടൻ പാട്ടുശേഖരങ്ങളിൽ പെടുന്നു. വളരെ അശ്രദ്ധമായി പാടിത്തകർക്കാവുന്ന ചെറുശീലുകൾ മുതൽ ശ്രദ്ധയോടെ കൃത്യമായി മണിക്കൂറുകൾ വരെ ദീർഘമായി ഉരുക്കഴിക്കേണ്ടുന്ന അനുഷ്ഠാനഗീതികൾ വരെ ഈ ശൃംഖല വിപുലമാണ്.

**ആരോമൽ എ പി**
**10.എ**

# കേരളത്തിന്റെ വേഴാമ്പൽ

ആഫ്രിക്കയിലേയും ഏഷ്യയിലേയും ഉഷ്ണമേഖല അയനവൃത്തത്തിനടുത്തുള്ള ആവാസവ്യവസ്ഥകളിൽ വസിക്കുന്ന ഒരു പക്ഷി വർഗ്ഗമാണ് വേഴാമ്പൽ. താഴേക്കു വളഞ്ഞ നീണ്ട കൊക്കുകൾ ഈ പക്ഷിയുടെ പ്രത്യേകതയാണ്. മിശ്രഭുക്കുക്കളായ ഇവ പഴങ്ങളും ചെറിയ ജീവികളേയും തിന്നു ജീവിക്കുന്നു. ഈ വർഗ്ഗത്തിലെ പല പക്ഷികളും വംശനാശ ഭീഷണി നേരിടുന്നു. വേഴാമ്പൽ കുടുംബത്തിലെ അംഗമാണ് മലമുഴക്കി വേഴാമ്പൽ. കാക്ക വേഴാമ്പൽ, കോഴി വേഴാമ്പൽ എന്നിവ കേരളത്തിൽ കാണപ്പെടുന്ന വേഴാമ്പലിനങ്ങളാണ്.

കേരളത്തിൽ കാണപ്പെടുന്ന വേഴാമ്പൽ വർഗ്ഗത്തിൽപ്പെട്ട പക്ഷികൾ:

മലമുഴക്കി വേഴാമ്പൽ (Great Indian Hornbill : Buceros bicornis)
പാണ്ടൻ വേഴാമ്പൽ(Malabar Pied Hornbill: Anthracoceros coronatus: )
കോഴിവേഴാമ്പൽ (Malabar Grey Hornbill: Ocyceros griseus)
നാട്ടുവേഴാമ്പൽ (Common Grey Hornbill: Ocyceros birostris).

**മലമുഴക്കി വേഴാമ്പൽ**



വേഴാമ്പൽ കുടുംബത്തിലെ അംഗമാണ് മലമുഴക്കി വേഴാമ്പൽ അഥവാ മരവിത്തലച്ചി. ഇംഗ്ലീഷ്: Greater Indian Horn-bill അഥവാ Two-horned Calao, അഥവാ Great Pied Horn-bill. ശാസ്ത്രീയനാമം: ബ്യൂസെറൊസ് ബൈകൊർണിസ് (Buceros bicornis). കേരളത്തിന്റെയും അരുണാചൽ പ്രദേശിന്റെയും സംസ്ഥാന പക്ഷിയാണ് ഈ വേഴാമ്പൽ. മലകളിൽ പ്രതിദ്ധ്വനിക്കുമാറുള്ള ശബ്ദവും ഹെലികോപ്റ്റർ പറക്കുമ്പോഴുള്ള പോലെ ശക്തമായ ചിറകടിയൊച്ചയുമാണ് ഇവയ്ക്ക് മലമുഴക്കി എന്ന പേര് സമ്മാനിച്ചത്.
മലമുഴക്കി വേഴാമ്പലിനെ സാധാരണയായി ഇന്ത്യയിലെ മഴക്കാടുകളിലും മലായ് പെനിൻസുലയിലും സുമാത്ര, ഇന്തോനേഷ്യയിലുമാണ് കണ്ടുവരുന്നു. ആയുസ്സ് ഏകദേശം 50 വർഷമാണ്. നെല്ലിയാമ്പതി, അതിരപ്പിള്ളി–വാഴച്ചാൽ, ചെന്തുരുണി കാടുകളിൽ മലമുഴക്കി വേഴാമ്പലിനെ കാണാറുണ്ട്.

**പാണ്ടൻ വേഴാമ്പൽ**

മലമുഴക്കി വേഴാമ്പലിനേക്കാൾ അല്പം ചെറുതാണ് പാണ്ടൻ വേഴാമ്പൽ കേരളമുൾപ്പെടെയുള്ള തെക്കെ ഇന്ത്യൻ സംസ്ഥാനങ്ങളിലും ശ്രീലങ്കയിലുമാണ് ഈ വേഴാമ്പൽ കാണപ്പെടുന്നു. നിത്യ ഹരിതവനങ്ങളും ഇല പൊഴിയും കാടുകളുമാണ് ആവാസ സ്ഥലങ്ങൾ. ശരീരത്തിനും കഴുത്തിനും കറുപ്പുനിറവും അടിവശം വെള്ളനിറം. കൊക്ക് മഞ്ഞ നിറത്തിൽ. തലയിലെ തൊപ്പിയിൽ കറുത്ത പാട് കാണാം. വാലിൽ വെള്ളയും കറുപ്പും തൂവലുകളുണ്ട്. തിളക്കമുള്ള കറുപ്പ് നിറമാണ് പാണ്ടൻ വേഴാമ്പലിനുള്ളത്. കണ്ണിനു താഴെയായി കീഴ്ത്താടിയിൽ ഒരു വെള്ള അടയാളവും



ഇവയ്ക്കുണ്ട്. ഇവയിലെ പെണ്ണും ആണും ഏതാണ്ട് ഒരേ നിറമാണ്.

കേരളത്തിലെ മിക്ക സ്ഥലങ്ങളിലും കാണപ്പെട്ടിരുന്ന ഈ വേഴാമ്പലുകൾ ഇപ്പോൾ പശ്ചിമ ഘട്ടത്തിന്റെ വാഴച്ചാൽ മേഖലയിലെ നദി തീര കാട്ടുകളിലും മലയാറ്റൂർ വന മേഖലയുമായി ചുരുങ്ങിയിരിക്കുന്നു.പശ്ചിമഘട്ടത്തിന്റെ കിഴക്കേ ചെരിവുകളിൽ മണ്ണാർക്കാട് സൈലന്റ് വാലി പ്രദേശത്തും ആറളം ബ്രഹ്മഗിരി പ്രദേശത്തും പാണ്ടൻ വേഴാമ്പലുകൾ കാണപ്പെടുന്നുണ്ട്. കേരളത്തിന് പുറത്തു തെക്കൻ കൊങ്കൺ മേഖലകളിലും വടക്കു കിഴക്കൻ പശ്ചിമ ഘട്ട മലനിരകളിൽ ചോട്ടാ നാഗ്പൂർ പിന്നെ ശ്രീലങ്കയിലും ഇവയെ കാണാം.

## നാട്ടുവേഴാമ്പൽ



നാട്ടുവേഴാമ്പലിന് ചാരനിറമാണ്. വാലിന്റെ അറ്റത്ത് വെള്ളയും കറുപ്പും കാണാം. കണ്ണിന് മുകളിൽ വെള്ള അടയാളമുണ്ട്. കൊക്കിന് മഞ്ഞ കലർന്ന കറുപ്പുനിറം. കേരളത്തിൽ തൃശ്ശൂരിന് വടക്കോട്ടാണ് കാസർകോട് വരെയുള്ള പ്രദേശങ്ങളിൽ ഇവയെ സാധാരണ കണ്ടുവരുന്നു. നാട്ടിൻപുറങ്ങളിലും മരങ്ങളുള്ള പട്ടണ പ്രദേശങ്ങളിലും സാധാരണ കണ്ടുവരുന്ന പക്ഷിയായതുകൊണ്ടു തന്നെ ഇവയ്ക്ക് നാട്ടുവേഴാമ്പൽ എന്ന പേര് ഉചിതമായി കൂട്ടമായി ഇര തേടുന്ന ഇവ 'കിയ്യോാാ' എന്ന നീട്ടിയുള്ള വിളി കൂട്ടം പിരിഞ്ഞു പോകാതിരിക്കാനാണെന്ന് തോന്നുന്നു.

## കോഴിവേഴാമ്പൽ



പരുക്കൻ ശബ്ദം മുഴക്കി പറന്നു നടക്കുന്ന കോഴി വേഴാമ്പൽ കേരളത്തിലെ മഴക്കാട്ടുകളിലും ഇലപൊഴിയും കാട്ടുകളിലും സുലഭമായ പക്ഷിയാണ്. ചാഞ്ഞും ചരിഞ്ഞും ഉള്ള നോട്ടവും, കഴുത്തു നീട്ടിയും കുറുക്കിയുമുള്ള നോട്ടവും ആരേയും ആകർഷിക്കും. കേരളത്തിൽ ഇവ പൊട്ടൻ വേഴാമ്പൽ, മഴയമ്പുള്ള് എന്നൊക്കെ അറിയപ്പെടുന്നു. നെല്ലിയാമ്പതിയിൽ ചരടൻ കോഴി എന്നാണ് പറയുന്നത്.

**ADI S N**
**10. B**

"കൊല്ലണമെന്ന് വേഗം പറയാം
കൊല്ലുകയും ചെയ്യാം ,
ജീവൻ  കൊടുത്ത്
സൃഷ്ടിക്കാനൊക്കുമോ?
ദൈവംതമ്പുരാൻ
സൃഷ്ടിയുടെ
ദിവ്യമുഹൂർത്തത്തിൽ
കല്പിച്ചുകൊടുത്ത  പുരാതന
പുരാതനമായ അവകാശം.....
ഓർക്കുക
ജീവികളായ സർവ്വജീവികളും ഭൂമിയുടെ
അവകാശികളാണ് ''........

- വൈക്കം മുഹമ്മദ് ബഷീർ -

**SALVATION ARMY HIGHER SECONDARY SCHOOL**
**KOWDIAR**

sahsskowdiar@yahoo.com

**LITTLE KITE 2024**